**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേന്ദ്ര സർക്കാരിന്റെ ദേശീയ വാക്സിനേഷൻ നയത്തിന്റെ ഭാഗമായി മൂന്നാം ഘട്ടത്തിൽ 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്ക് സൗജന്യമായി കോവിഡ് വാക്സിൻ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

**സ.ഉ.(കൈ) നം.85/2021/ആ.കു.വ** തീയതി,തിരുവനന്തപുരം, 29/04/2021

---

**ഉത്തരവ്**

കോവിഡ് പ്രതിരോധത്തിനായി ആരോഗ്യപ്രവർത്തകർ, മുൻനിരപ്രവർത്തകർ, 45 വയസ്സിനു മുകളിൽ പ്രായമുള്ളവർ എന്നിവർക്ക് സർക്കാർ സൗജന്യ വാക്സിനേഷൻ നൽകി വരുന്നു. കേന്ദ്ര സർക്കാരിന്റെ ദേശീയ വാക്സിനേഷൻ നയത്തിന്റെ ഭാഗമായി മൂന്നാം ഘട്ടത്തിൽ 1.5.2021 മുതൽ 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്ക് വാക്സിൻ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, വാക്സിൻ സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിലും ബഹു.ഹൈക്കോടതിയിലും നിലവിലുള്ള കേസുകളുടെ തീരുമാനത്തിനു വിധേയമായി സംസ്ഥാനത്തെ 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്ക് സൗജന്യമായി രണ്ട് ഡോസേജ് കോവിഡ് വാക്സിനേഷൻ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജൻ എൻ ഖോബ്രഗഡേ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള , തിരുവനന്തപുരം.
പൊതുഭരണ (എസ്. സി) വകുപ്പ് ( 28/4/2021 ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം. 4864 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SHEENA PAUL
Date: 2021.04.29 15:06:15 IST
Reason: Approved

സെക്ഷൻ ഓഫീസർ